## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 410** **02.12.2014-ൽ മറുപടിയ്ക്ക്**

## കൂടംകുളം 400 കെ. വി. വൈദ്യുതി ലൈൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കൂടംകുളം 400 കെ. വി. വൈദ്യുതി ലൈൻ നിർദ്ദിഷ്ട പാതയിൽ കൂടി വലിക്കാൻ ആക്ഷൻ കൗൺസിലുമായി സർക്കാർ എത്തിയ ധാരണകൾ എന്തെല്ലാമാണ് ; സർക്കാർ അംഗീകരിച്ച വ്യവസ്ഥകൾ വിശദമാക്കാമോ ; | (എ) 400 കെ.വി ഇടമൺ - കൊച്ചി ലൈൻ റൂട്ടിൽ ലൈൻ വലിക്കുമ്പോൾ കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുവാൻ ടി ലൈൻ റൂട്ടിലേക്കായി പ്രത്യേക നഷ്ടപരിഹാര പാക്കേജ് സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത ധാരണകൾക്ക് ശേഷം വൈദ്യുതി ലൈൻ വലിക്കുന്നതിലുണ്ടായ പുരോഗതി വിശദമാക്കാമോ ; | (ബി) ടി ഉത്തരവ് പുറപ്പെടുവിച്ച ശേഷവും ഭൂവുടമകളുടെ എതിർപ്പു മൂലം നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാനായിട്ടില്ല. |
| (സി) പവർഗ്രിഡ് കോർപ്പറേഷനും സർക്കാരും നഷ്ടപരിഹാര പാക്കേജ് നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്താണ് ; | (സി) ഇടമൺ - കൊച്ചി 400 കെ.വി റൂട്ടിലേക്കായി മാത്രം 19-08-2014-ലെ (എം. എസ്) 27/14/ഊ. വ നമ്പർ ഉത്തരവു പ്രകാരം സർക്കാർ പ്രഖ്യാപിച്ച പ്രത്യേക നഷ്ടപരിഹാര പാക്കേജ് നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനും ആയത് സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരികയാണ്. ബന്ധപ്പെട്ട ജന പ്രതിനിധികളുടെയും ആക്ഷൻ കൗൺസിൽ പ്രതിനിധികളേയും പങ്കെടുപ്പിച്ചുകൊണ്ട് 18-11-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി യോഗം ചേരുകയും ആക്ഷൻ കൗൺസിൽ പ്രതിനിധികളുടെ അപേക്ഷ പ്രകാരം കൂടുതൽ ചർച്ചകൾക്കായി 04-12-2014-ൽ വീണ്ടും യോഗം ചേരാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) ടവർ ലൈൻ നിർമ്മാണം ഇന്നത്തെ നിലയിൽ ഏത് തീയതിക്കകം പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ ? | (ഡി) റൈറ്റ് ഓഫ് വേ പ്രശ്നങ്ങൾ പരിഹരിച്ചാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ച് പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ.**